# കടലേകും
# കനിവുകൾ

*എഡിറ്റിംഗ് :*

**എൻ.ജി.മേനോൻ**

**വി.ശശികുമാർ**

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*

**N. G. MENON**

**V. SASI KUMAR**

*Published by :*

**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*

BALU S.

SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14

Printed at PAICO, Cochin, S. India

# 37. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

പി.എ. ഖാലിദ്
കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ

നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ കോടികണക്കിന് വിദേശ നാണയം സമ്പാദിച്ചു കൊടുക്കുന്നവരാണ് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ. പ്രതികൂലമായ കാലാവസ്ഥകളെ വെല്ലുവിളിച്ചും അതി ജീവിച്ചും മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾ അവരുടെ ജീവിതത്തിന്റെ നാനാതുറകളിലും വളരെ പിന്നോക്കാവസ്ഥയിലാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സാമൂഹ്യവും, സാംസ്കാരികവും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കികൊണ്ടുള്ള ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 1985 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് അനുസരിച്ച് രൂപം നൽകിയിട്ടുള്ള സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അഥവാ മത്സ്യബോർഡ്. മത്സ്യത്തൊഴിലാളി ബോർഡ് നൽകുന്ന എല്ലാ ധനസഹായങ്ങളും സൗജന്യമാണ്.

## 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

അപകടം മൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 50,000/രൂപയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരികാവശത സംഭവിക്കുന്ന മത്സ്യത്തൊഴിലാളിക്ക് 50,000/- രൂപയും സ്ഥിരവും ഭാഗീകവുമായ ശാരീരികാവശത സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് 25,000 രൂപയും നൽകി വരുന്നു. സംസ്ഥാനത്തെ 15 നും 70 നും ഇടയിൽ പ്രായമുള്ള എല്ലാ പ്രവർത്തനോൻമുഖരായ മത്സ്യത്തൊഴിലാളികൾക്കും ഈ പദ്ധതി പ്രകാരം അവരിൽ നിന്നും ഇൻഷുറൻസ് പ്രീമിയം ഒന്നും ഈടാക്കാതെ ഈ ധനസഹായം നൽകി വരുന്നുണ്ട്. 15 രൂപാ പ്രകാരം മത്സ്യത്തൊഴിലാളികളിൽ നിന്നും പ്രീമിയം ഈടാക്കി 1 ലക്ഷം രൂപ നൽകുന്ന മത്സ്യഫെഡിന്റെ ഇൻഷുറൻസ് പദ്ധതിക്ക് പുറമെയാണിത്.

## 2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം - ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലേയോ അപകടം കൊണ്ട

ല്ലാതെ ആകസ്മികമായുണ്ടാകുന്ന മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ബോർഡിൽ നിന്നും ആശ്രിതർക്ക് 15,000/- രൂപ ധനസഹായമായി നൽകി വരുന്നു.

### 3. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

60 വയസ്സിൽ താഴെ പ്രായമുള്ള മത്സ്യത്തൊഴിലാളി ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് 5,000/- രൂപ സൗജന്യമായി നൽകി വരുന്നു.

### 4. വിവാഹ ധനസഹായം

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യമായി 1,500/- രൂപ വീതം നൽകി വരുന്നു. രണ്ടുവർഷം കൂടുമ്പോൾ ഓരോ പെൺമക്കളുടേയും വിവാഹത്തിന് ഈ ധനസഹായത്തിന് മത്സ്യത്തൊഴിലാളികൾ അർഹരാണ്. പെൻഷൻകാർക്കും വിധവകൾക്കും അവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതാണ്. വിവാഹിതയാകാൻ പോകുന്ന പെൺക്കുട്ടിക്കും മാതാപിതാക്കളുടെ അഭാവത്തിൽ ഈ സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

### 5. ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ധനസഹായം

മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ അച്ഛൻ, അമ്മ, ഭാര്യ, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവർ മരണമടയുമ്പോൾ മരണാന്തര ചിലവുകൾക്കായി 300/- രൂപ ധനസഹായം നൽകി വരുന്നു.

### 6. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും വാർഷിക വരുമാനം 1,500/- രൂപയിൽ താഴെയാണെങ്കിൽ പ്രതിമാസം 100/- രൂപ വീതം വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നു. ഇപ്പോൾ 28,000 ൽ പരം പേർക്ക് സംസ്ഥാനത്ത് ഈ ആനുകൂല്യം ബോർഡിൽ നിന്നും നൽകുന്നു.

### 7. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശത

അപകടം മൂലം 7 ദിവസത്തേക്കെങ്കിലും ചികിത്സാർത്ഥം ജോലി ചെയ്യാൻ പറ്റാതെ വരുന്ന മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞത് 100 രൂപയും കൂടിയത് 500 രൂപയും ധനസഹായമായി നൽകി വരുന്നു.

### 8. എസ്.എസ്.എൽ.സി. കാഷ് അവാർഡ്

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എ

സ്.എൽ.സി പരീക്ഷക്ക് സംസ്ഥാന തലത്തിൽ ഏറ്റവും കൂടിയ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 3000/- രൂപയും രണ്ടാം സ്ഥാനം നേടുന്ന വിദ്യാർത്ഥിക്ക് 2,000/- രൂപയും ഓരോ വിദ്യാഭ്യാസ വർഷവും കാഷ് അവാർഡായി നൽകി വരുന്നു. ഇവർ തുടർന്നു പഠിക്കുന്ന പക്ഷം 2 വർഷത്തേക്ക് പ്രതിമാസം 100/- രൂപാ വീതം നൽകി വരുന്നു. കൂടാതെ ജില്ലാ തലത്തിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 1,000/- രൂപാ വീതവും കാഷ് അവാർഡായി നൽകി വരുന്നു.

## 9. കുടുംബ സംവിധാനം

മത്സ്യത്തൊഴിലാളിയോ, ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയരാകുകയാണെങ്കിൽ 500/- രൂപാ വീതം ധനസഹായം നൽകുന്നു.

## 10. മാരകരോഗ ചികിത്സാ പദ്ധതി

മത്സ്യത്തൊഴിലാളിയുടെ കാൻസർ രോഗ ചികിത്സ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവെക്കൽ/ഡയാലിസിസ് എന്നീ രോഗങ്ങൾക്കുള്ള ചികിൽസക്ക് 40,000/- രൂപാവീതവും തളർവാത രോഗ ചികിൽസക്ക് 12,000/- രൂപാ വീതവും മാനസിക രോഗ ചികിൽസക്ക് 5,000/- രൂപാ വീതവും നൽകി വരുന്നു. കാൻസർ രോഗിയായ മത്സ്യത്തൊഴിലാളിക്കും ഗുരുതരമായ മന്ത് രോഗം മൂലവും മാനസിക രോഗം മൂലവും അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും പ്രായപരിധി കണക്കാക്കാതെ പ്രതിമാസം 100/- രൂപാ വീതം അവശതാ പെൻഷൻ നൽകി വരുന്നു.

## 11. സാനിട്ടേഷൻ

മത്സ്യത്തൊഴിലാളികളുടെ വീടുകളോടനുബന്ധിച്ച് ശുചിത്വമുള്ള കക്കൂസ്സുകൾ നിർമ്മിക്കുന്നതിന് 2,500/- രൂപാ വീതം സൗജന്യമായി നൽകി വരുന്നു. 1997-98 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി ഗ്രാമപഞ്ചായത്ത് സമിതി മുഖേനയാണ് നടപ്പിലാക്കുന്നത്.

## 12. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷ കെടുതി, തീപിടുത്തം മുതലായവ മൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുമ്പോൾ അടിയന്തിര സഹായമായി കഷ്ടനഷ്ടങ്ങളുടെ സ്വഭാവമനുസരിച്ച് 500/- രൂപാ മുതൽ 2,500/- രൂപാ വരെ ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും നൽകി വരുന്നു. ഈ തുക മറ്റു വിധത്തിൽ ധനസഹായത്തിന് അർഹതയുണ്ടെങ്കിലും അതിൽ നിന്നും കുറവു ചെയ്യുന്നതല്ല.

## 13. നേത്രജ്യോതി

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളായ നേത്ര രോഗികൾക്കും കുടുംബാംഗങ്ങൾക്കും വിദഗ്ദ്ധ ചികിൽസയും തിമിരമുള്ളവർക്ക് ശസ്ത്രക്രിയയും കണ്ണട ആവശ്യമുള്ളവർക്ക് കണ്ണടകളും നൽകിവരുന്നു. ഇതുവരെയായി 101 നേത്ര പരിശോധനാ ക്യാമ്പുകളിലായി 16515 പേരെ പരിശോധിക്കുകയും 357 പേരെ ശസ്ത്രക്രിയ നടത്തുകയും ചെയ്തു.

## 14. ബോർഡിന്റെ പ്രത്യേക ധനസഹായം

പദ്ധതി മാർഗ്ഗരേഖകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയില്ലാത്തവർക്ക് പ്രത്യേക സാഹചര്യത്തിൽ അവരുടെ കുടുംബസ്ഥിതി പരിഗണിച്ച് ബോർഡിന്റെ പ്രത്യേക പരിഗണനയിൽ അർഹതയുള്ള ധനസഹായം നൽകി വരുന്നു.

## 15. പ്രസവ ശുശ്രൂഷക്ക്

മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും ആദ്യത്തെ രണ്ടു പ്രസവത്തിന് ശുശ്രൂഷകൾക്കായി 500/- രൂപാ വീതം സൗജന്യ ധനസഹായമായി നൽകി വരുന്നു.

മേൽ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കാൻ സംസ്ഥാനത്തെ 222 കടലോര മത്സ്യഗ്രാമങ്ങൾക്കും ഉൾനാടൻ ഗ്രാമങ്ങൾക്കുമായി സംസ്ഥാനത്താകമാനം മത്സ്യബോർഡിന്റെ 54 ഫിഷറീസ് ഓഫീസുകളും 3 മേഖലാ ഓഫീസുകളും തൃശ്ശൂരിൽ ഹെഡ്ഡാഫീസും പ്രവർത്തിക്കുന്നു.

മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളിക്കു പുറമെ, ഈ മേഖലയിൽ തന്നെ അനുബന്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമുള്ളവരെ കൂടി മത്സ്യബോർഡിന്റെ ക്ഷേമ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനമായിട്ടുണ്ട്. ദാരിദ്രത്തിന്റേയും ചൂഷണത്തിന്റേയും ഊരാക്കുടുക്കിൽപ്പെട്ടു ജീവിക്കുന്ന ഇക്കൂട്ടരിൽ മത്സ്യക്കച്ചവടക്കാർ മത്സ്യം കയറ്റിയിറക്കുന്നവർ, ഐസ് പ്ലാന്റുകളിൽ പണിയെടുക്കുന്നവർ, പീലിംഗ് ഷെഡുകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ, കയറ്റുമതിയോടനുബന്ധിച്ചുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നവർ ഉൾപ്പെടുന്നു. അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലാക്കാക്കി തുടക്കത്തിൽ താഴെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

അപകടം മൂലം മരണമടയുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായമായി 25000 രൂപയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായി ശാരീരികാവശത സംഭവിക്കുന്നവർക്ക് 12500 രൂപയും അപകടം മൂലം കാണാതായാൽ 25000 രൂപയും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 18 നും 60 നും ഇടയിൽ പ്രായമുള്ള അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പ്രീമിയം ഒന്നും അടക്കാതെ തന്നെ ഈ പദ്ധതിയുടെ അനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 2. വാർദ്ധക്യകാല പെൻഷൻ

സാധുക്കളായ അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വാർദ്ധക്യ കാലത്ത് പരിരക്ഷ നൽകുന്നത് നാഗരിക സമൂഹത്തിന്റെ കടമയാണ്. 60 വയസ്സിനു മുകളിലുള്ള എല്ലാ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും വാർഷിക വരുമാനം 10,000 രൂപയിൽ താഴെയാണെങ്കിൽ പ്രതിമാസം 75 രൂപ വീതം വാർദ്ധക്യ പെൻഷൻ നൽകുവാൻ ഉദ്ദേശിക്കുന്നു.

## 3. രോഗ ചികിൽസാ സഹായ പദ്ധതി

ദുരിത പൂർണ്ണമായ പശ്ചാത്തലത്തിൽ ജീവിക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് അവർ ഏർപ്പെട്ടിട്ടിരിക്കുന്ന തൊഴിലുമായി ബന്ധപ്പെട്ട് പലതരം രോഗങ്ങൾ പിടിപെടുന്നുണ്ട്. രോഗ ചികിത്സക്കാവശ്യമായി സാമ്പത്തിക ഭദ്രതയില്ലാത്തവർക്ക് സഹായം നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരു വർഷത്തിൽ 300 രൂപവരെ ധനസഹായമായി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

പഞ്ഞ മാസങ്ങളിൽ നിത്യ ജീവിതത്തിന് ബുദ്ധിമുട്ടുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരിൽ സമ്പാദ്യശീലം ഉണ്ടാക്കുന്നതിനും വേണ്ടി മത്സ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമ്പാദ്യ–ആശ്വാസ പദ്ധതി. ഒരു മത്സ്യത്തൊഴിലാളിയിൽ നിന്ന് പ്രതിമാസം 45 രൂപ വീതം 8 മാസം കൊണ്ട് 360 രൂപ ഈ പദ്ധതി പ്രകാരം ശേഖരിക്കുന്നു. അടുത്ത നാലു മാസങ്ങളിൽ രണ്ടിരട്ടി തുക കൂടി ചേർത്ത് പ്രതിമാസം 270 രൂപ. പ്രകാരം ആകെ 1080 രൂപ ആശ്വാസ ധനമായി നൽകി വരുന്നു.

ഇതിന് പുറമെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും മത്സ്യവകുപ്പ് നൽകി വരുന്നുണ്ട്. പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന നിരക്കിൽ തന്നെയാണ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും വിദ്യാഭ്യാസ അനുകൂല്യങ്ങൾ

ലഭിക്കുന്നത്.

കൂടാതെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗജന്യ ഭക്ഷണം താമസ സൗകര്യത്തോടുകൂടി കേരളത്തിൽ 9 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

## ഭവന നിർമ്മാണ പദ്ധതി

ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിപ്രകാരം സ്വന്തമായി 3 സെന്റുസ്ഥലമുള്ളവരും വിവാഹിതരുമായ മത്സ്യത്തൊഴിലാളിക്ക് ഭവന നിർമ്മാണത്തിന് 35000 രൂപ വരെ ഗ്രാന്റായി നൽകുന്നു. നാലു ഗഡുക്കളായിട്ടാണ് ഈ തുക അനുവദിക്കുന്നത്. കൂടാതെ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചു വരുന്നു. മത്സ്യവകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'തീരജ്യോതി' പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചു വരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഈ പദ്ധതി നടപ്പിലാക്കുന്നതും ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണ്. ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

കൂടാതെ വനിതകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിന് ധനസഹായം നൽകുന്ന വനിതാ ബാങ്കുകൾ, മത്സ്യമാർക്കറ്റുകളുടെ നവീകരണം, ഫിഷറീസ് ഡിസ്പെൻസറികൾ, റോഡുകൾ, ഗൈഡ് ലൈറ്റുകൾ, കടൽ രക്ഷാ പ്രവർത്തനങ്ങൾ മത്സ്യബന്ധനേതര തൊഴിലുകളിൽ പരിശീലനം എന്നിങ്ങനെ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്നുണ്ട്.

ഇനിയും കൂടുതൽ ക്ഷേമ പദ്ധതികൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും അനുബന്ധ തൊഴിലാളികൾക്കും വേണ്ടി നടപ്പിലാക്കുന്ന കാര്യം മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡിന്റേയും മത്സ്യ വകുപ്പിന്റേയും പരിഗണനയിലുണ്ട്.